**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4761** **20-07-2022 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള മലയോര ഹൈവേ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ആകെയുള്ള മലയോരപാതയിൽ, മറ്റ വിഭാഗങ്ങൾ വഴി വികസിപ്പിച്ചുകഴിഞ്ഞ ഭാഗങ്ങൾ ഒഴികെ കെ.ആർ.എഫ്.ബി - പി.എം.യു വിന്റെ അധീനതയിൽ ആകെ 804.215 കി.മീ. റോഡിന്റെ നിർമ്മാണ ചുമതലയാണുള്ളത്. ഇതിൽ 781.215 കി.മീ. റോഡിന് കിഫ്ബിയിലേക്ക് സാമ്പത്തിക അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളതിൽ അതിൽ 622.611 റോഡിന് സാമ്പത്തിക അനുമതി കിഫ്ബി നൽകിയിട്ടുമുണ്ട്. 470.82 കി.മീ. റോഡിന് സാങ്കേതിക അനുമതി നല്കിയിട്ടുള്ളതും, ഇതിൽ 458.82 കി.മീ. റോഡ് ടെണ്ടർ ചെയ്തിട്ടുമുണ്ട്. 314.84 കി.മീ. പ്രവൃത്തി നടന്നുവരുന്നതും 93.68 കി.മീ. റോഡ് പ്രവൃത്തി പൂർത്തീകരിച്ചതുമാണ്. |
| (ബി) | മലയോര ഹൈവേയ്ക്ക് മുഴുവൻ ജില്ലകളിലൂടെയുള്ള കണക്ടിവിറ്റി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | മലയോരഹൈവേയുടെ നിർമ്മാണത്തിന് അധികമായി ആവശ്യമായ സ്ഥലം പൊതുജനങ്ങളിൽ നിന്ന് ഫ്രീ സറണ്ടർ മുഖേനയാണ് ലഭ്യമാകേണ്ടത്. ഇതിൽ പലപ്രദേശങ്ങളിലും സ്ഥലലഭ്യതയിൽ അവ്യക്തത തുടരുന്നു. കൂടാതെ വനമേഖലയിലൂടെ കടന്നുപോകുന്ന റോഡിന് ആവശ്യമായ സ്ഥലം വിട്ടുകിട്ടുന്നതിനുള്ള കാലതാമസവും, ചിലയിടങ്ങളിൽ നിലവിലെ റോഡിലെ ഡി.എൽ.പി തുടരുന്നതിനാലും മലയോരഹൈവേ നിർമ്മാണ നടപടികൾ ഡി.എൽ.പി കഴിഞ്ഞുമാത്രമേ തുടങ്ങുവാൻ കഴിയുകയുള്ളൂ. കൂടാതെ പലസ്ഥലങ്ങളിലും പാലങ്ങൾ പുനർനിർമ്മിക്കേണ്ടതായുമുണ്ട്. ആയതിനാൽ പ്രസ്തുത തടസങ്ങൾ മാറ്റുന്ന മുറയ്ക്ക് മുഴുവൻ ജില്ലകളുടെയും കണക്ടിവിറ്റി 2025 അവസാനത്തോട്ടു കൂടി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ